(ബി) മ്യൂസിയം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ പിൻഭാഗത്തുള്ള മ്യൂസിയം വകുപ്പിന്റെ സ്ഥലം പോലീസ് സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രയോജനപ്പെടുത്തുന്ന വിഷയം പരിഗണിക്കാമോ?

ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(സി) മ്യൂസിയം പോലീസ് സ്റ്റേഷൻ ഒരു വനിത-ശിശു-വയോജന സൗഹൃദ മാതൃകാ പോലീസ് സ്റ്റേഷനാക്കി മാറ്റുന്നതിനുള്ള പദ്ധതി പരിഗണിക്കാമോ?

പരിഗണിക്കാവുന്നതാണ്.

പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ കെട്ടിടം

106 (1470) ശ്രീ. എം. വിജിൻ: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ; കെട്ടിട നിർമ്മാണം ഉടൻ പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡാണ് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം നടത്തിവരുന്നത്. നിലവിൽ 70 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാസ്റ്ററിംഗ്, ഇലക്ട്രിക്കൽ, പെയിന്റിംഗ് ഉൾപ്പെടെ അവസാനഘട്ട പണികൾ പൂർത്തീകരിക്കാനുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ താമസംവിനാ പൂർത്തിയാക്കുന്നതാണ്.

ആഭ്യന്തര വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

107 (1471) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആഭ്യന്തര വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

ആലപ്പുഴ നിയോജക മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് ആഭ്യന്തരവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly